**മധുരമായ കുട്ടികളേ - ബന്ധനമുക്തരായി മാറി സേവനത്തിൽ തല്പരരായിരിക്കണം, എന്തുകൊണ്ടെന്നാൽ ഈ സേവനത്തിൽ വളരെ ഉയർന്ന സമ്പാദ്യമുണ്ട്, 21 ജന്മങ്ങളിലേക്ക് നിങ്ങൾ വൈകുണ്ഠത്തിന്റെ അധികാരിയാകും.**

**ചോദ്യം -** ഓരോ കുട്ടികളും ഏതൊരു ശീലമാണ് ഉണ്ടാക്കേണ്ടത്?
**ഉത്തരം -** മുരളിയുടെ പോയിന്റ് മനസ്സിലാക്കി കൊടുക്കുന്ന ശീലം. ടീച്ചർ അഥവാ എങ്ങോട്ടെങ്കിലും പോവുകയാണെങ്കിൽ പരസ്പരം ഒരുമിച്ചിരുന്ന് ക്ലാസ്സ് നടത്തണം. അഥവാ മുരളി എടുക്കാൻ പഠിച്ചിട്ടില്ലെങ്കിൽ തനിക്കു സമാനമാക്കി എങ്ങനെ മാറ്റും. ബ്രാഹ്മണി ഇല്ലെങ്കിൽ ആശയക്കുഴപ്പത്തിലാകരുത്. പഠിപ്പ് ലളിതമാണ്. ക്ലാസ്സ് നടത്തിക്കൊണ്ടേ പോകൂ, ഈ അഭ്യാസവും ചെയ്യണം.

**ഗീതം -** മുഖം നോക്കൂ ആത്മാവേ..........

**ഓം ശാന്തി**. കുട്ടികൾ കേൾക്കുമ്പോൾ സ്വയം ആത്മാവാണെന്ന നിശ്ചയത്തോടെ ഇരിക്കണം അതോടൊപ്പം ഈ നിശ്ചയം ചെയ്യണം അതായത് അച്ഛനായ പരമാത്മാവ് നമുക്ക് കേൾപ്പിച്ചു തന്നുകൊണ്ടിരിക്കുകയാണ്. ഈ നിർദേശം അഥവാ മതം ഒരേഒരു അച്ഛനാണ് നൽകുന്നത്. അതിനെ തന്നെയാണ് ശ്രീമതം എന്നു പറയുന്നത്. ശ്രീ അർത്ഥം ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായത്. അതാണ് ഉയർന്നതിലും ഉയർന്ന ഭഗവാൻ എന്ന് വിളിക്കപ്പെടുന്ന പരിധിയില്ലാത്ത അച്ഛൻ. വളരെ മനുഷ്യരുണ്ട് അവർ പരമാത്മാവിനെ സ്നേഹത്തോടെ അച്ഛനെന്ന രീതിയിൽ മനസ്സിലാക്കുന്നേയില്ല. ശിവന്റെ ഭക്തിയെല്ലാം ചെയ്യുന്നുണ്ട്, വളരെ സ്നേഹത്തോടെ ഓർമ്മിക്കുന്നുമുണ്ട് പക്ഷെ മനുഷ്യർ പറയുന്നത് ഇതാണ് എല്ലാത്തിലും പരമാത്മാവാണ് ഉള്ളത് അപ്പോൾ അവർ ആരോട് സ്നേഹം വെക്കും അതുകൊണ്ടാണ് അച്ഛനിൽ നിന്ന് വിപരീത ബുദ്ധിയായി മാറിയത്. ഭക്തിയിൽ ദു:ഖമോ രോഗങ്ങളോ വരുമ്പോൾ ഭഗവാനിലേക്ക് പ്രീതി പോകുന്നു. പറയും ഭഗവാനെ രക്ഷിക്കണേ എന്ന്. കുട്ടികൾക്കറിയാം ഗീതയാണ് ശ്രീമതം അത് ഭഗവാനാണ് ഉച്ചരിച്ചത്. ഭഗവാൻ രാജയോഗം പഠിപ്പിച്ചതായി അല്ലെങ്കിൽ ശ്രീമതം നൽകിയതായി, ഇതല്ലാതെ മറ്റൊരു ശാസ്ത്രത്തിലുമില്ല. ഭാരതത്തിന്റെ ഒരേയൊരു ഗീതയാണ്, ഇതിന് വളരെയധികം പ്രഭാവവുമുണ്ട്. ഒരേയൊരു ഗീതയാണ് ഭഗവാൻ ഉച്ചരിച്ചത്, ഭഗവാനെന്ന് കേൾക്കുമ്പോൾ ഒരു നിരാകാരനിലേക്ക് തന്നെയാണ് ദൃഷ്ടി പോകുന്നത്. മുകളിലേക്കാണ് വിരൽ ചൂണ്ടി സൂചന നൽകുന്നത്. കൃഷ്ണനെ കുറിച്ച് ഇങ്ങനെ ഒരിക്കലും പറയില്ല എന്തുകൊണ്ടെന്നാൽ ദേഹധാരിയാണ്. ഇപ്പോൾ നിങ്ങൾക്ക് ബാബയോടൊപ്പമുള്ള സംബന്ധം മനസ്സിലായിരിക്കുന്നു അതിനാലാണ് പറയുന്നത് ബാബയെ ഓർമ്മിക്കൂ. ബാബയുമായി പ്രീതി വെക്കൂ. ആത്മാവ് തന്റെ ബാബയെ ഓർമ്മിക്കുകയാണ്. ഇപ്പോൾ ആ ഭഗവാൻ തന്റെ കുട്ടികളെ പഠിപ്പിക്കുകയാണ്. അപ്പോൾ വളരെയധികം ലഹരി കയറണം, മാത്രമല്ല സ്ഥായിയായ ലഹരി കയറണം. ബ്രാഹ്മണി ഉള്ളപ്പോൾ ലഹരിയുണ്ട്, ഇല്ലെങ്കിൽ ലഹരി കുറയുന്നു, ബ്രാഹ്മണിയില്ലെങ്കിൽ ഞങ്ങൾക്ക് ക്ലാസ്സ് നടത്താൻ കഴിയില്ല, ഇങ്ങനെയാകരുത്. ചില ചില സേവാകേന്ദ്രങ്ങൾ ബാബ മനസ്സിലാക്കുന്നുണ്ട് എവിടെയെങ്കിലും 5-6 മാസം വരേക്കും സഹോദരി ഇല്ലെങ്കിലും അവിടെയുള്ള കുട്ടികൾ പരസ്പരം ചേർന്ന് സംരക്ഷിക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ പഠിപ്പ് സഹജമാണ്. ചിലർ ബ്രാഹ്മണിയില്ലെങ്കിൽ അന്ധരും മുടന്തരുമായി മാറുന്നു. സഹോദരി പോയാൽ സെന്ററിൽ പോകുന്നതും നിർത്തുന്നു. ഹേയ്, വളരെ പേരുണ്ട്, ക്ലാസ്സ് നടത്താമല്ലോ. ഗുരു പുറത്ത് പോകുമ്പോൾ ശിഷ്യൻമാർ സംരക്ഷിക്കാറുണ്ടല്ലോ. കുട്ടികൾക്ക് സേവനം ചെയ്യണം. വിദ്യാർത്ഥികളും നമ്പർവാറാണ്. ബാപ്ദാദക്കറിയാം എവിടേക്ക് ഫസ്റ്റ്ക്ളാസ്സായ കുട്ടിയെ അയക്കണം. കുട്ടികൾ ഇത്ര വർഷമായി പഠിക്കുന്നുണ്ട്, എന്തെങ്കിലും ധാരണകളും ജീവിതത്തിൽ പകർത്തിയിട്ടുണ്ടാകുമല്ലോ, അതിനനുസരിച്ച് സേവാകേന്ദ്രങ്ങൾ നടത്താൻ കഴിയില്ലേ. മുരളി കിട്ടുന്നുണ്ടല്ലോ. പോയിന്റുകളുടെ ആധാരത്തിൽ മനസ്സിലാക്കി തരുന്നുമുണ്ട്. കേൾക്കുന്ന ശീലം വന്നല്ലോ പക്ഷെ കേൾപ്പിക്കുന്ന ശീലം വന്നിട്ടില്ല. ഓർമ്മയിലുമിരിക്കണം അതോടൊപ്പം ധാരണയും നടക്കണം. സേവാകേന്ദ്രത്തിൽ അങ്ങനെ ആരെങ്കിലുമുണ്ടാകണം അവർ പറയണം സഹോദരി പോയാലും ഞങ്ങൾ സംരക്ഷിച്ചോളാം. സേവനത്തിനു വേണ്ടി നല്ല സേവാകേന്ദ്രത്തിലേക്ക് ബാബ സഹോദരിയെ അയച്ചതായിരിക്കും. സഹോദരി പോകുമ്പോഴേക്കും ആശയക്കുഴപ്പത്തിലാകരുത്. ബ്രാഹ്മണിയെ പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ എങ്ങനെ മറ്റുള്ളവരെ തനിക്കു സമാനമാക്കും, എങ്ങനെ പ്രജകളെ ഉണ്ടാക്കും. എല്ലാവർക്കും മുരളി കിട്ടുന്നുണ്ട്. കുട്ടികൾക്കു സന്തോഷമുണ്ടാകണം ഗദ്ദിയിലിരുന്ന് ജ്ഞാനം മനസ്സിലാക്കി കൊടുക്കാൻ. അഭ്യാസം ചെയ്യുന്നതിലൂടെ സേവാധാരിയാകാം. ബാബ ചോദിക്കുകയാണ് - സേവാധാരിയായോ? ആരും വരുന്നതേയില്ല. സേവനത്തിന് ഒഴിവ് എടുത്ത് വരണം. എവിടേക്ക് സേവ

നത്തിനു വേണ്ടി വിളിച്ചാലും ഒഴിവ് ഉണ്ടാക്കി വരണം. ആരാണോ ബന്ധനമുക്തരായ കുട്ടികൾ അവർക്ക് ഈ സേവനം ചെയ്യാൻ കഴിയും. ആ സർക്കാരിലെക്കാളും സമ്പാദ്യം ഈ സർക്കാരിൽ കൂടുതലാണ്. ഭഗവാൻ പഠിപ്പിക്കുകയാണ്, ഇതിലൂടെ നിങ്ങൾ 21 ജന്മത്തേക്ക് വൈകുണ്ഠത്തിന്റെ അധികാരിയാകും. എത്ര ഉയർന്ന സമ്പാദ്യമാണ്, ആ സമ്പാദ്യത്തിലൂടെ എന്ത് കിട്ടും? അല്പകാലത്തിലേക്കുള്ള സുഖം. ഇവിടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നു. ആർക്കാണോ പക്കാ നിശ്ചയമുള്ളത് അവർ പറയും ഞങ്ങൾ ഈ സേവനത്തിൽ മുഴുകുകയാണ്. പക്ഷെ പൂർണ്ണമായ ലക്ഷ്യം വേണം. നോക്കണം നമുക്ക് ആർക്കാണ് മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നത്. വളരെ സഹജമാണ്. കലിയുഗത്തിന്റെ അന്ത്യ ത്തിൽ ജനസംഖ്യ കോടിക്കണക്കിനായി, എന്നാൽ വളരെ കുറഞ്ഞ ജനസംഖ്യയാണ് സത്യയുഗത്തിൽ ഉണ്ടാകുക. അതിന്റെ സ്ഥാപനക്കു വേണ്ടി സംഗമത്തിൽ തീർച്ചയായും ബാബ വരും. പഴയ ലോക ത്തിന്റെ വിനാശം ഉണ്ടാകും. മഹാഭാരത യുദ്ധവും പ്രശസ്ഥമാണല്ലോ. ഇങ്ങനെ തോന്നുന്നതും അപ്പോ ഴാണ് എപ്പോഴാണോ ഭഗവാൻ വന്ന് സത്യയുഗത്തിലേക്കു വേണ്ടി രാജയോഗം പഠിപ്പിച്ച് രാജാക്കന്മാരു ടേയും രാജാവാക്കി മാറ്റുന്നത്. കർമ്മാതീത അവസ്ഥ പ്രാപ്തമാക്കിക്കുന്നു. പറയുന്നുണ്ട് ദേഹസഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളേയും ഉപേക്ഷിച്ച് മനസ്സു കൊണ്ട് എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ പാപം ഇല്ലാതാകും. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുക – ഇതാണ് പരി ശ്രമം. യോഗത്തിന്റെ അർത്ഥം ഒരു മനുഷ്യർക്കും അറിയില്ല.

ബാബ മനസ്സിലാക്കി തരുകയാണ് ഭക്തിമാർഗ്ഗവും ഡ്രാമയിൽ അടങ്ങിയതാണ്. ഭക്തി മാർഗ്ഗം നടക്കുക തന്നെ വേണം. കളി ഉണ്ടാക്കിയിരിക്കുന്നത്– ജ്ഞാനം, ഭക്തി, വൈരാഗ്യത്തിന്റേതാണ്. രണ്ടു പ്രകാര ത്തിൽ വൈരാഗ്യമുണ്ട്. ഒന്ന് പരിധിയുള്ള വൈരാഗ്യം, രണ്ടാമത്തേതാണ് പരിധിയില്ലാത്ത വൈരാഗ്യം. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഈ മുഴുവൻ പഴയ ലോകത്തേയും മറക്കുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത് എന്തുകൊണ്ടെന്നാൽ നിങ്ങൾക്കറിയാം നമ്മളിപ്പോൾ ശിവാലയം, പാവനമായ ലോകത്തി ലേക്ക് പോവുകയാണ്. നിങ്ങൾ ബ്രഹ്മാകുമാരൻമാരും ബ്രഹ്മാകുമാരിമാരും പരസ്പരം സഹോദര– സഹോ ദരിമാരാണ്. വികാരി ദൃഷ്ടി വെക്കാൻ കഴിയില്ല. ഇന്നാണെങ്കിൽ സർവ്വരുടേയും ദൃഷ്ടി വികാരിയാണ്. തമോപ്രധാനമാണ്. ഇതിന്റെ പേരാണ് നരകം, എന്നാൽ ഞാൻ നരകവാസിയാണ് എന്ന് ആരും മനസ്സിലാ ക്കുന്നില്ല. സ്വയത്തെ കുറിച്ച് പോലും അറിയാത്തതു കൊണ്ട് നരകവും സ്വർഗ്ഗവും ഇവിടെ തന്നെയാ ണെന്ന് പറയുന്നു. ആരുടെ മനസ്സിൽ എന്ത് തോന്നുന്നുവോ അത് പറയുകയാണ്. ഇത് സ്വർഗ്ഗമല്ല. സ്വർഗ്ഗ ത്തിൽ രാജധാനി ഉണ്ടായിരുന്നു. ധാർമ്മികത ഉണ്ടായിരുന്നു. എത്ര ശക്തിയുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾ വീണ്ടും പുരുഷാർത്ഥം ചെയ്യുകയാണ്. വിശ്വത്തിന്റെ അധികാരിയാകും. വിശ്വത്തിന്റെ അധികാ രിയാകുന്നതിനാണ് നിങ്ങൾ വന്നിരിക്കുന്നത്. സ്വർഗ്ഗസ്ഥനായ പിതാവ്, ആരെയാണോ നാം ശിവ പരമാ ത്മാവെന്ന് വിളിക്കുന്നത്, ആ ശക്തിയാണ് നിങ്ങളെ പഠിപ്പിക്കുന്നത്. കുട്ടികളിൽ എത്ര ലഹരി ഉണ്ടായിരി ക്കണം. തീർത്തും സഹജമായ ജ്ഞാനമാണ്. നിങ്ങൾ കുട്ടികളിൽ ഏതെല്ലാം പഴയ ശീലങ്ങളുണ്ടോ അതിനെ ഇല്ലാതാക്കണം. ഈർഷ്യയുടെ സ്വഭാവം വളരെ ബുദ്ധിമുട്ടിക്കും. നിങ്ങളുടെ മുഴുവൻ ആധാ രവും മുരളിയാണ്, നിങ്ങൾക്ക് ആർക്ക് വേണമെങ്കിലും മുരളി വെച്ച് പറഞ്ഞു കൊടുക്കാൻ പറ്റും. പക്ഷെ ഉള്ളിൽ ഈർഷ്യ വരുന്നു– ഇവരാണോ ബ്രാഹ്മണി, ഇവർക്ക് എന്തറിയാം. പിന്നീട് അടുത്ത ദിവസം വരുക പോലും ചെയ്യില്ല. അങ്ങനെയുള്ള പഴയ ശീലങ്ങളുണ്ട്, ഇതിന്റെ കാരണത്താൽ ഡിസ്സർവ്വീസും നടത്തും. ജ്ഞാനം വളരെ സഹജമാണ്. കുമാരിമാർക്ക് മറ്റ് ജോലികളൊന്നുമില്ലല്ലോ. അവരോട് ചോദിക്കും ഈ പഠിപ്പാണോ നല്ലത് അതോ ആ പഠിപ്പാണോ നല്ലത്? അപ്പോൾ പറയുന്നു ഇത് വളരെ നല്ലതാണ്. ഇനി ഞങ്ങൾ ആ പഠിപ്പ് പഠിക്കില്ല. ഇഷ്ടമില്ല. ലൗകിക അച്ഛൻ ജ്ഞാനത്തിലില്ലെങ്കിൽ ചിലർക്ക് അവരിൽ നിന്ന് അടി കൊള്ളേണ്ടി വരുന്നുണ്ട്. പിന്നെ ചില കുട്ടികൾ ദുർബ്ബലരുമാകുന്നുണ്ട്. മനസ്സിലാക്കിക്കൊടുക്കണ മല്ലോ – ഈ പഠിപ്പിലൂടെ നമ്മൾ മഹാറാണിയാകും. ആ പഠിപ്പിലൂടെ കാലണയുടെ സമ്പാദ്യത്തിന് പോക ണമോ. ഈ പഠിപ്പ് ഭാവിയിലെ 21 ജന്മങ്ങളിലേക്ക് സ്വർഗ്ഗത്തിന്റെ അധികാരിയാക്കും. പ്രജയും സ്വർഗ്ഗവാ സിയാകുമല്ലോ. ഇപ്പോൾ സർവ്വരും നരകവാസിയാണ്.

ഇപ്പോൾ ബാബ പറയുകയാണ് നിങ്ങൾ സർവ്വഗുണ സമ്പന്നരായിരുന്നു. ഇപ്പോൾ നിങ്ങൾ എത്ര തമോപ്രധാനമായി മാറി. ഏണിപ്പടി ഇറങ്ങി വന്നു. സ്വർണ്ണ പക്ഷിയെന്നു വിളിച്ചിരുന്ന ഭാരതം ഇപ്പോൾ കല്ലിന്റേതു പോലുമല്ല. ഭാരതം 100% സമ്പന്നമായിരുന്നു. എന്നാൽ ഇപ്പോൾ 100% ദരിദ്രമാണ്. നിങ്ങൾക്ക റിയാം നമ്മൾ വിശ്വത്തിന്റെ അധികാരികൾ പവിഴനാഥരായിരുന്നു. പിന്നീട് 84 ജന്മങ്ങളെടുത്ത് കല്ലു നാഥരായി. മനുഷ്യർ തന്നെയാണ് എന്നാൽ പവിഴനാഥരെന്നും കല്ലുനാഥരെന്നും അറിയപ്പെടുന്നു. ഗീത ത്തിൽ കേട്ടല്ലോ – തന്റെ ഉള്ളിൽ നോക്കണം ഞാൻ എത്രത്തോളം യോഗ്യനാണ്. നാരദന്റെ ഉദാഹരണ മുണ്ടല്ലോ. ഓരോ ദിവസം കഴിയുമ്പോഴും അധ:പതിച്ചു കൊണ്ടിരിക്കുന്നു. വീണ് വീണ് ചതുപ്പിൽ കഴുത്ത്

വരെ മുങ്ങിയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർ എല്ലാവരേയും കുടുമയിൽ പിടിച്ച് ചതുപ്പിൽ നിന്ന് പുറത്തേക്ക് എടുക്കുകയാണ്. പിടിക്കാൻ വേറെ സ്ഥലമൊന്നുമില്ല. അപ്പോൾ കുടുമയിൽ പിടിക്കാൻ എളുപ്പമാണ്. ചതുപ്പിൽ നിന്ന് പുറത്തെടുക്കാൻ കുടുമയിൽ തന്നെ പിടിക്കേണ്ടി വരും. ചതുപ്പിൽ അങ്ങനെ മുങ്ങിയിരിക്കുകയാണ്, അതിനെ കുറിച്ച് ചോദിക്കയേ വേണ്ട. ഭക്തിയുടെ രാജ്യമാണ്. ഇപ്പോൾ നിങ്ങൾ പറയുകയാണ് ഞങ്ങൾ കല്പം മുമ്പും അങ്ങയുടെ അടുത്ത് രാജ്യഭാഗ്യം നേടാൻ വന്നിട്ടുണ്ട്. ലക്ഷ്മി നാരായണന്റെ ക്ഷേത്രങ്ങൾ നിർമ്മിക്കുന്നുണ്ട് എന്നാൽ ഇവർ വിശ്വത്തിന്റെ അധികാരികളായത് എങ്ങ നെയാണ് എന്നത് അവർക്ക് അറിയില്ല. ഇപ്പോൾ നിങ്ങൾ എത്ര വിവേകശാലികളായി മാറി. നിങ്ങൾ അറിഞ്ഞു ഇവർ എങ്ങനെയാണ് രാജ്യഭാഗ്യം നേടിയത്. പിന്നീട് എങ്ങനെയാണ് 84 ജന്മങ്ങൾ എടുത്തത്. ബിർള എത്രയാണ് ക്ഷേത്രങ്ങൾ നിർമ്മിക്കുന്നത്, പാവകളെ ഉണ്ടാക്കുന്നത് പോലെ. മറ്റുള്ളവർ ചെറിയ പാവകളെ ഉണ്ടാക്കുമ്പോൾ ഇവർ വലിയ പാവയെ ഉണ്ടാക്കുന്നു അത്രയേയുള്ളൂ. രൂപങ്ങളുണ്ടാക്കി പൂജിക്കുന്നു അപ്പോൾ ഇത് പാവകളുടെ പൂജയായില്ലേ. ഇപ്പോൾ നിങ്ങൾക്ക് അറിയാം ബാബ നമ്മെ എത്ര ധനവാനാക്കിയിരുന്നു, ഇപ്പോൾ എത്ര ദരിദ്രനായി. ആരാണോ പൂജ്യനായിരുന്നത്, അവർ പൂജാരി യായി. ഭക്തർ ഭഗവാനെ നോക്കി പറയുന്നുണ്ട് അങ്ങ് തന്നെ പൂജ്യൻ അങ്ങ് തന്നെ പൂജാരി എന്ന്. അങ്ങു തന്നെയാണ് സുഖവും ദു:ഖവും നൽകുന്നത് എന്നും പറയുന്നു. എല്ലാം ചെയ്യുന്നത് അങ്ങാണെന്ന് പറ യുന്നു. ഈ ഒരു ലഹരി തന്നെയാണ്. പറയുകയാണ് ആത്മാവ് നിർലേപമാണ്, എന്തു വേണമെങ്കിലും കഴിച്ചോളൂ, കുടിച്ചോളൂ, ആനന്ദിച്ചോളൂ, ശരീരത്തിൽ എന്തെങ്കിലും അഴുക്ക് പുരണ്ടാൽ അത് ഗംഗാ സ്നാനത്തിലൂടെ ശുദ്ധമാകും. എന്തു വേണമെങ്കിലും കഴിച്ചോളൂ. എന്തെല്ലാം ഫാഷനാണ്. ആര് എന്ത് രീതി തുടങ്ങിയോ അത് നടന്ന് വരുന്നു. ഇപ്പോൾ ബാബ മനസ്സിലാക്കി തരികയാണ് വിഷയ സാഗരത്തിൽ നിന്നും ശിവാലയത്തിലേക്ക് പോകാം. സത്യയുഗത്തെയാണ് പാൽക്കടൽ എന്ന് പറഞ്ഞത്. ഇത് വിഷയ സാഗരമാണ്. നിങ്ങൾക്ക് അറിയാം നമ്മൾ 84 ജന്മങ്ങൾ എടുത്ത് പതിതരായി, അതുകൊണ്ടാണല്ലോ പതിത പാവനനായ ബാബയെ വിളിച്ചത്. ചിത്രങ്ങൾ വെച്ച് മനസ്സിലാക്കി കൊടുത്താൽ മനുഷ്യർക്ക് പെട്ടെന്ന് മനസ്സിലാകും. ഏണിപ്പടിയിൽ 84 ജന്മങ്ങളുടെ സമ്പൂർണ്ണ വിവരമുണ്ട്. ഇത്രയും സഹജമായ കാര്യം പോലും ആർക്കും മനസ്സിലാക്കി കൊടുക്കില്ലേ. കൊടുക്കുന്നില്ലെങ്കിൽ ബാബ മനസ്സിലാക്കും ഈ കുട്ടി നല്ല രീതിയിൽ പഠിക്കുന്നില്ല. തന്റെ ഉന്നതി ഉണ്ടാക്കുന്നില്ല.

നിങ്ങൾ ബ്രാഹ്മണരുടെ കർത്തവ്യമാണ്- ഭ്രമരിയെ പോലെയുള്ള കീടങ്ങളിൽ ഭൂം ഭൂം ചെയ്ത് തനിക്കു സമാനമാക്കി മാറ്റുക. അതോടൊപ്പം നിങ്ങളുടെ പുരുഷാർത്ഥമാണ്- സർപ്പത്തെ പോലെ തന്റെ പഴയ ശരീരമാകുന്ന തോൽ ഉപേക്ഷിച്ച് പുതിയത് എടുക്കുക. നിങ്ങൾക്കറിയാം ഈ പഴയ ശരീരം ജീർണ്ണിച്ച അവസ്ഥയിലാണ്. ഇത് ഉപേക്ഷിക്കുക തന്നെ വേണം. ഈ ലോകവും പഴയതാണ്. ശരീരവും പഴയ താണ്. ഇത് ഉപേക്ഷിച്ച് പുതിയ ലോകത്തിലേക്ക് പോകണം. ഇത് പുതിയ ലോകമായ സ്വർഗ്ഗത്തിലേ ക്കുള്ള പഠിപ്പാണ്. ഈ പഴയ ലോകം ഇല്ലാതാകാൻ പോവുകയാണ്. സമുദ്രത്തിലെ ഒരു തിരമാലയിലൂടെ തന്നെ മുഴുവൻ ഇളകി മറിയും. വിനാശം ഉണ്ടാകുമല്ലോ. പ്രകൃതി ക്ഷോഭവും ആരേയും വിടില്ല. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം :

1) ഉള്ളിൽ ഈർഷ്യ പോലെ എന്തെല്ലാം പഴയ ശീലങ്ങളുണ്ടോ അതിനെ ഉപേക്ഷിച്ച് പരസ്പരം വളരെ സ്നേഹത്തോടെ ഒരുമിച്ച് ജീവിക്കണം. ഈർഷ്യക്ക് വശപ്പെട്ട് പഠിപ്പ് മുടക്കരുത്.

2) ഈ പഴയതും മോശവുമായ ശരീരത്തിന്റെ ബോധത്തെ ഉപേക്ഷിക്കണം. ഭ്രമരിയെ പോലെ ജ്ഞാന ത്തിന്റെ ഭൂം ഭൂം ചെയ്ത് കീടങ്ങളെ തനിക്കു സമാനമാക്കാൻ സേവനം ചെയ്യൂ. ഈ ആത്മീയ സേവന ത്തിൽ മുഴുകണം.

**വരദാനം:– മനസാ ബന്ധനങ്ങളിൽ നിന്ന് മുക്തമായി അതീന്ദ്രിയ സുഖത്തിന്റെ അനുഭവം ചെയ്യുന്ന മുക്തിദാതാവായി ഭവിക്കട്ടെ.**

അതീന്ദ്രിയ സുഖത്തിൽ ഊഞ്ഞാലാടുക– ഇത് സംഗമയുഗീ ബ്രാഹ്മണരുടെ വിശേഷതയാണ്. പക്ഷെ മനസാ സങ്കൽപങ്ങളുടെ ബന്ധനം ആന്തരീക സന്തോഷത്തിന്റെയും അതീന്ദ്രിയ സുഖത്തിന്റെയും അനുഭവം ചെയ്യാൻ അനുവദിക്കില്ല. വ്യർത്ഥ സങ്കൽപങ്ങൾ, ഈർഷ്യ, അശ്രദ്ധയും ആലസ്യവും ഈ സങ്കൽപങ്ങളുടെ ബന്ധനത്തിൽ ബന്ധിക്കപ്പെടുന്നത് തന്നെയാണ് മനസാ ബന്ധനം. അങ്ങിനെയുള്ള ആത്മാവ് അഭിമാനത്തിന് വശപ്പെട്ട് മറ്റുള്ളവരുടെ ദോഷം തന്നെ ചിന്തിച്ചുകൊണ്ടിരിക്കും, അവരുടെ അനുഭവ ശക്തി സമാപ്തമായിപ്പോകും, അതിനാൽ ഈ സൂക്ഷ്മ ബന്ധനത്തിൽ നിന്ന് മുക്തമാകൂ അപ്പോൾ മുക്തിദാതാവായി മാറാൻ സാധിക്കും.

**സ്ലോഗൻ:– അങ്ങനെയുള്ള സന്തോഷത്തിന്റെ ഖജനാവുകളാൽ സമ്പന്നരാകൂ, അതിലൂടെ ദു:ഖത്തിന്റെ അലകൾ പോലും താങ്കളുടെ സമീപത്ത് വരികയേ അരുത്.**

**അവ്യക്ത സൂചനകൾ– സങ്കൽപങ്ങളുടെ ശക്തി സംഭരിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**
ഏതൊരു ശ്രേഷ്ഠ സങ്കൽപമാകുന്ന ബീജവും ഫലദായകമാക്കുന്നതിനുള്ള സഹജമായ മാർഗ്ഗം ഒന്ന് മാത്രമാണ് – സദാ ബീജരൂപനായ ബാബയിൽ നിന്ന് ഓരോ സമയത്തും സർവ്വശക്തികളുടെയും ബലം ആ ബീജത്തിലേക്ക് നിറച്ചുകൊണ്ടിരിക്കുക. ബീജരൂപനിലൂടെ താങ്കളുടെ സങ്കൽപമാകുന്ന ബീജം സഹജമായും സ്വതവേയും വളർന്ന് ഫലദായകമാകും. സങ്കൽപശക്തി സംഭരിക്കപ്പെടും.